"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ്- ജുഡീഷ്യറി-കേരള ഹൈക്കോടതി ജഡ്ജിമാരുടെ ഉപയോഗത്തിനായി 32 ടൊയോട്ട ഇന്നോവ ഹൈക്രോസ് VX(O) മോഡൽ കാറുകൾ വാങ്ങുന്നതിന് അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആഭ്യന്തര (സി) വകുപ്പ്

G.O.(Ms) No.115/2025/HOME തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:- ഹൈക്കോടതി രജിസ്ട്രാർ ജനറലിന്റെ 20.02.2025 തീയതിയിലെ HCKL/4718/2024-H6 നമ്പർ കത്ത്.

ഉത്തരവ്

ബഹു.ചീഫ് ജസ്റ്റിസും, ഹൈക്കോടതിയിലെ മറ്റു ജഡ്ജിമാരും ഉപയോഗിച്ചുവരുന്ന അഞ്ച് വർഷത്തെ കാലപ്പഴക്കം ഉള്ളതോ, 80,000 കിലോമീറ്ററിൽ കൂടുതൽ ദൂരം സഞ്ചരിച്ചതോ, ആയ കാറുകൾ മാറ്റി പകരം പുതിയ കാർ വാങ്ങേണ്ടതുണ്ടെന്ന് **എം.എൽ പുരി vs ദി പഞ്ചാബ് ആൻഡ് ഹരിയാന ഹൈക്കോടതി** [AIR 1993 PH 287] കേസിൽ ബഹു. പഞ്ചാബ് ആൻഡ് ഹരിയാന ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ, കേരള ഹൈക്കോടതിയിലെ ബഹു. ജഡ്ജിമാർ നിലവിൽ ഉപയോഗിച്ചുവരുന്ന അഞ്ച് വർഷത്തെ കാലപ്പഴക്കം ഉള്ളതോ 80,000 കിലോമീറ്ററിൽ കൂടുതൽ ദൂരം സഞ്ചരിച്ചതോ ആയ 32 ടൊയോട്ട ഇന്നോവ ക്രിസ്റ്റ കാറുകൾ (2018 ൽ വാങ്ങിയ 31 എണ്ണം, 2019 ൽ വാങ്ങിയ ഒരെണ്ണം) മാറ്റി പകരം, 32 ടൊയോട്ട ഇന്നോവ ഹൈക്രോസ് VX(O) മോഡൽ കാറുകൾ വാങ്ങുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരാമർശ കത്ത് പ്രകാരം രജിസ്ട്രാർ ജനറൽ സമർപ്പിച്ചിക്കുകയുണ്ടായി.ആയതിലേക്ക് ആവശ്യമായി വരുന്ന തുകയായ ₹9,00,00,000/- രൂപ (ഒൻപത് കോടി രൂപ മാത്രം) "2014 — Administration of Justice — 102 — High Court — 99 — High Court — 21 — Motor Vehicles — 1 — Purchase of Vehicles (Non-Plan — Charged)" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും വഹിക്കാവുന്നതാണെന്നും അറിയിച്ചു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള ഹൈക്കോടതിയിലെ ബഹു. ജഡ്ജിമാരുടെ ഉപയോഗത്തിനായി 32 ടൊയോട്ട ഇന്നോവ ക്രിസ്റ്റ കാറുകൾക്ക് (2018-ൽ വാങ്ങിയ 31 ഉം 2019-ൽ വാങ്ങിയ ഒന്നും) പകരം, 32 ടൊയോട്ട ഇന്നോവ ഹൈക്രോസ് VX(O) മോഡൽ കാറുകൾ, **₹9,00,00,000/- രൂപയ്ക്ക് (ഒൻപത് കോടി രൂപ മാത്രം)** വാങ്ങുന്നതിനും, ആയതിനുള്ള

ചെലവ് "2014 — Administration of Justice — 102 — High Court — 99 — High Court — 21 — Motor Vehicles — 1 — Purchase of Vehicles (Non-Plan — Charged)" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും വഹിക്കുന്നതിനും,അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BISHWANATH SINHA
ADDITIONAL CHIEF SECRETARY

ഉത്തരവിൻ പ്രകാരം
Signed by
Sreekumar. S
Date: 19-06-2025 17:12:16
സെക്ഷൻ ഓഫീസർ

പകർപ്പ്:-

രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി,എറണാകുളം( ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ( എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്( 3083797/EXP-D2/48/2025-Fin **തീയതി** 10.04.2025 പ്രകാരം)
പൊതുഭരണ( എസ്.സി) വകുപ്പ് ( **മന്ത്രിസഭായോഗതീരുമാനം ഇനം നം. 3044 തീയതി** 18.06.2025 പ്രകാരം )
വെബ് & ന്യൂ മീഡിയ ,ഐ &പി. ആർ.ഡി( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 18-06-2025

ഫയൽ നം. സി2/67/2025/ആഭ്യന്തരം. ഇനം നം: 3044

വിഷയം : ആഭ്യന്തര വകുപ്പ് - ബഹു. കേരള ഹൈക്കോടതി ജഡ്ജിമാരുടെ ഉപയോഗത്തിനായി 32 ടൊയോട്ട ഇന്നോവ ഹൈക്രോസ് VX(O) മോഡൽ വാഹനങ്ങൾ വാങ്ങുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

OFFICE OF THE ADDITIONAL CHIEF SECRETARY, HOME & VIGILANCE DEPARTMENT
18 JUN 2025
6707

3044

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1. | ഫയൽ നമ്പർ | : | സി2/67/2025/ആഭ്യന്തരം |
| 2. | വകുപ്പ് | : | ആഭ്യന്തര (സി) വകുപ്പ് |
| 3. | വിഷയം | : | ആഭ്യന്തര വകുപ്പ്- ബഹു. കേരള ഹൈക്കോടതി ജഡ്ജിമാരുടെ ഉപയോഗത്തിനായി 32 ടൊയോട്ട ഇന്നോവ ഹൈക്രോസ് VX(O) മോഡൽ വാഹനങ്ങൾ വാങ്ങുന്നത്-സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 30.05.2025 |
| 5. | (i) ഇത് സാമ്പത്തിക ബാദ്ധ്യത ഉള്ളതാണോ? | : | അതേ |
| | (ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | | ഉണ്ട് |
| 6. | മറ്റ് ഏതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | : | ശ്രീ. നവീൻ കൃഷ്ണൻ.ജി. ഐ |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ശ്രീ.ബിശ്വനാഥ് സിൻഹ |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06.06.2025 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 09.06.2025 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി. | : | 11.06.2025 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 13.06.2025 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി. | : | |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | : | |

<u>മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്</u>

ബഹു. കേരള ഹൈക്കോടതി ജഡ്ജിമാരുടെ ഉപയോഗത്തിനായി 32 ടൊയോട്ട ഇന്നോവ ഹൈക്രോസ് VX(O) മോഡൽ കാറുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതിക്കായി ഹൈക്കോടതി രജിസ്ട്രാർ ജനറൽ സമർപ്പിച്ച പ്രൊപ്പോസലാണ് ഈ കുറിപ്പിൽ പ്രതിപാദിക്കുന്നത്.

2) 32 ടൊയോട്ട ഇന്നോവ ക്രിസ്റ്റ കാറുകളാണ് (2018 ൽ വാങ്ങിയ 31 എണ്ണം, 2019 ൽ വാങ്ങിയ ഒരെണ്ണം) നിലവിൽ കേരള ഹൈക്കോടതിയിലെ ബഹു. ജഡ്ജിമാർ ഉപയോഗിച്ചുവരുന്നതെന്നും അഞ്ച് വർഷത്തെ കാലപ്പഴക്കം ഉള്ളതോ 80,000 കിലോമീറ്ററിൽ കൂടുതൽ ദൂരം സഞ്ചരിച്ചതോ ആയ കാറുകൾ മാറ്റി പുതിയവ വാങ്ങേണ്ടതുണ്ടെന്നും രജിസ്ട്രാർ ജനറൽ അറിയിച്ചിട്ടുണ്ട്. ചീഫ് ജസ്റ്റിസും, ഹൈക്കോടതിയിലെ മറ്റു ജഡ്ജിമാരും ഉപയോഗിച്ചുവരുന്ന അഞ്ച് വർഷത്തെ കാലപ്പഴക്കം ഉള്ളതോ 80,000 കിലോമീറ്ററിൽ കൂടുതൽ ദൂരം സഞ്ചരിച്ചതോ ആയ കാറുകൾ മാറ്റി പകരം പുതിയ കാർ വാങ്ങേണ്ടതുണ്ടെന്ന എം.എൽ പുരി VS ദി പഞ്ചാബ് ആൻഡ് ഹരിയാന ഹൈക്കോടതി [AIR 1993 PH 287] കേസിലെ ബഹു. പഞ്ചാബ് ആൻഡ് ഹരിയാന ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് രജിസ്ട്രാർ ജനറൽ മേൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്.

3) മേൽപ്പറഞ്ഞ കോടതി ഉത്തരവിന്റെ വെളിച്ചത്തിലും, ബഹു. ചീഫ് ജസ്റ്റിസിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും, ബഹു.ഹൈക്കോടതി ജഡ്ജിമാരുടെ ഉപയോഗത്തിനായി നിലവിലുള്ള 32 ടൊയോട്ട ഇന്നോവ ക്രിസ്റ്റ കാറുകൾക്ക് (2018 ൽ വാങ്ങിയ 31 എണ്ണം, 2019 ൽ വാങ്ങിയ ഒരെണ്ണം) പകരം 32 ടൊയോട്ട ഇന്നോവ ഹൈക്രോസ് VX(O) മോഡൽ കാറുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതിക്കായി ഒരു പ്രൊപ്പോസൽ രജിസ്ട്രാർ ജനറൽ സമർപ്പിക്കുകയുണ്ടായി. ടി കാറുകൾ വാങ്ങുന്നതിനുള്ള ചെലവ് ഏകദേശം ₹9,00,00,000/- രൂപയാണ് **(ഒൻപത് കോടി രൂപ മാത്രം).** ടി ചെലവ് "2014 – Administration of Justice – 102 – High Court – 99

– High Court – 21 – Motor Vehicles – 1 – Purchase of Vehicles (Non-Plan – Charged)",എന്ന ശീർഷകത്തിൽ നിന്നും വഹിക്കാവുന്നതാണെന്നും രജിസ്ട്രാർ ജനറൽ അറിയിച്ചു.

4) പ്രാഥമിക പരിശോധനയിൽ, ബഹു. മന്ത്രിമാർ നിലവിൽ ഉപയോഗിക്കുന്ന പല കാറുകളും 1,00,000 കിലോമീറ്ററിനും 3,75,000 കിലോമീറ്ററിനും ഇടയിൽ ദൂരം സഞ്ചരിച്ചവയും നിലവിൽ ഉപയോഗിച്ചുവരുന്നതാണെന്ന കാര്യവും ബോധ്യപ്പെട്ടുകയുണ്ടായി മേൽ വസ്തുത കണക്കിലെടുത്തും സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി പരിഗണിച്ചും ₹9 കോടി ചെലവഴിച്ച് പഴയകാറുകൾക്ക് പകരം പുതിയവ വാങ്ങുന്നതിന് ഭരണാനുമതി നൽകുന്നത് ഈ സന്ദർഭത്തിൽ ഉചിതമല്ലെന്ന നിർദ്ദേശത്തിന്മേൽ ധനകാര്യവകുപ്പ് ചുവടെപ്പറയും പ്രകാരം അറിയിച്ചു

***"ഭരണവകുപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ള നിർദ്ദേശം/ അഭിപ്രായത്തോട് ധനവകുപ്പ് യോജിക്കുന്നു.***

***ഇതിന് ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്."***

5) ബഹു. ചീഫ് ജസ്റ്റിസും ഹൈക്കോടതി ജഡ്ജിമാരും ഉപയോഗിച്ചു വരുന്ന അഞ്ച് വർഷത്തിലധികം പഴക്കമുള്ളതോ 80,000 കിലോമീറ്ററിലധികം സഞ്ചരിച്ചതോ ആയ കാറുകൾ മാറ്റിവാങ്ങുന്നതിനായി എംഎൽ പുരി vs. ദി പഞ്ചാബ് ആൻഡ് ഹരിയാന ഹൈക്കോടതി [AIR 1993 PH 287] കേസിലെ വിധിയുടെ അടിസ്ഥാനത്തിൽ രജിസ്ട്രാർ ജനറൽ സമർപ്പിച്ച ശിപാർശ പരിശോധിച്ചതിൽ പ്രസ്തുത വിധി *res judicata*, ആകുന്നില്ലെങ്കിൽ കൂടിയും, ആറ് മുതൽ ഏഴ് വർഷം വരെ പഴക്കമുള്ള മേൽ കാറുകൾ മാറ്റിവാങ്ങാനുള്ള പ്രൊപ്പോസൽ മേൽ വിധിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കപ്പെടാവുന്നതാണെന്ന് നിർദ്ദേശിക്കപ്പെട്ടുകയുണ്ടായി

6) ഫയൽ ചംക്രമണം ചെയ്തപ്പോൾ, ബഹു. മുഖ്യമന്ത്രി ചുവടെ ചേർക്കും പ്രകാരം ഉത്തരവായി.

**"ബഹു.ഹൈക്കോടതിയുടെ ആവശ്യം അംഗീകരിക്കാവുന്നതാണ്. മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക."**

## തീരുമാനിക്കേണ്ട സംഗതി

കേരള ഹൈക്കോടതിയിലെ ബഹു. ജഡ്ജിമാരുടെ ഉപയോഗത്തിനായി 32 ടൊയോട്ട ഇന്നോവ ക്രിസ്റ്റ കാറുകൾക്ക് (2018-ൽ വാങ്ങിയ 31 ഉം 2019-ൽ വാങ്ങിയ ഒന്നും) പകരം, 32 ടൊയോട്ട ഇന്നോവ ഹൈക്രോസ് VX(O) മോഡൽ കാറുകൾ, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്നുകൊണ്ട് **₹9,00,00,000/-** രൂപയ്ക്ക് **(ഒൻപത് കോടി രൂപ മാത്രം)** വാങ്ങുന്നതിനും, ആയതിനുള്ള ചെലവ് "2014 – Administration of Justice – 102 – High Court – 99 – High Court – 21 – Motor Vehicles – 1 – Purchase of Vehicles (Non-Plan – Charged)" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ നിന്നും വഹിക്കുന്നതിനും , ഭരണാനുമതി നൽകാമോ?.